പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 433 — 15/11/2019- ൽ മറുപടിയ്ക്ക്

## പച്ചക്കറിയുടെ വിലവർദ്ധനവ് തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ജെ.ജോസഫ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ഡോ. എൻ. ജയരാജ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) പൊതുവിപണിയിൽ പച്ചക്കറികളുടെ വിലവർദ്ധനവ് തടയുന്നതിന് സർക്കാർ സംവിധാനങ്ങൾ ഫലപ്രദമല്ല എന്ന ആക്ഷേപത്തിന് പരിഹാരം കണ്ടെത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) കൃഷി വകുപ്പ് നടത്തിവരുന്ന വിപണി ഇടപെടൽ പച്ചക്കറി ഉൾപ്പെടെയുള്ള കാർഷിക വിഭവങ്ങൾക്ക് വിലയിടിവുണ്ടാകുമ്പോഴാണ്. വിലയിടിവ്മൂലം കർഷകർക്ക് നഷ്ടം സംഭവിക്കാതിരിക്കാനാണ്. അതേസമയം പച്ചക്കറികൾക്ക് അമിതമായ തോതിൽ വിലവർദ്ധനവ് ഉണ്ടാവുകയും ഉപഭോക്താക്കൾക്ക് പ്രയാസമുണ്ടാകുന്ന ഘട്ടങ്ങളിലും കൃഷി വകുപ്പ് വിപണി ഇടപെടൽ നടത്താറുണ്ട്. പച്ചക്കറികളുടെ അമിതമായ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. പച്ചക്കറി വികസന പദ്ധതി, ജൈവകൃഷി പദ്ധതി, വിപണി വികസന പദ്ധതി എന്നീ പദ്ധതികളിലൂടെ സംസ്ഥാനത്തുടനീളം 1131 വിപണികൾക്ക് സൗകര്യദാതാവായി കൃഷി വകുപ്പ് പ്രവർത്തിച്ചു വരുന്നു. ഉത്സവകാലത്തെ പഴം - പച്ചക്കറി വില നിയന്ത്രിക്കുന്നതിന് ഓണം, വിഷു തുടങ്ങിയ സമയങ്ങളിൽ പ്രത്യേക ഉത്സവകാല വിപണികളും സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ ഹോർട്ടികോർപ്പ് വഴി മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞവിലയ്ക്ക് ഗുണനിലവാരമുള്ള പച്ചക്കറികൾ വിൽപ്പന നടത്തിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഹോർട്ടികോർപ്പിന്റെ വിൽപനശാലകളിൽ പൊതുവിപണിയെക്കാൾ വിലവർദ്ധനവ് അനുഭവപ്പെടുന്നതായുള്ള പരാതി പരിഹരിക്കുമോ; | (ബി) | ഹോർട്ടികോർപ്പിന്റെ വില്പനശാലകളിൽ പൊതു വിപണിയെക്കാൾ വിലകുറച്ചാണ് പച്ചക്കറികൾ വിറ്റഴിച്ചുവരുന്നത്. പൊതു വിപണിയെക്കാൾ വില കൂടുതലാണ് എന്ന പരാതി ലഭിക്കുന്ന സാഹചര്യങ്ങളിൽ അടിയന്തിരമായി പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കാറുണ്ട് |
| (സി) | ഇടനിലക്കാരാണ് വിപണിയിൽ പച്ചക്കറി വിലവർദ്ധനവ് സൃഷ്ടിക്കുന്നതെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഇവരെ ഒഴിവാക്കി മാർക്കറ്റിൽ ഇടപെടുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ അധീനതയിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികൾ, 5 ജില്ലാതല സംഭരണ കേന്ദ്രങ്ങൾ എന്നിവ മുഖേന കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി സംഭരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കർഷകർ / കർഷക കൂട്ടായ്മകൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് പഴം, പച്ചക്കറി വ്യാപാരികൾക്ക് ലേല സംവിധാനത്തിലൂടെ നൽകുന്ന സാഹചര്യം നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**